I. ഇ.ബി. XII-കേരള നിയമസഭ/XIV-16

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ – സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 19, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിര പ്രമേയം**

ഭൂമി കയ്യേറ്റം

മി. സ്പീക്കർ: വയനാട് ജില്ലയിൽ നിലവിലുള്ള കയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശം നിലനില്ക്കേ രണ്ടാംഘട്ട സമരം എന്ന പേരിൽ പ്രസ്തുത ജില്ലയിൽ സ്വകാര്യ ഭൂമിയിലും സർക്കാർ ഭൂമിയിലും വീണ്ടും കയ്യേറ്റം നടത്തിയതിനാലും ജനങ്ങളുടെ സ്വത്തിന് സംരക്ഷണം കൊടുക്കുക എന്ന ഭരണഘടനാപരമായ ബാധ്യത നിർവ്വഹിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതിനാലും ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെപ്പറ്റി സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, സി. ടി. അഹമ്മദ് അലി, പി. സി. ജോർജ്, കെ. കെ. ഷാജു, കെ. ബി. ഗണേഷ് കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നല്കിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): വൻകിടക്കാർ അടക്കി വച്ചിരിക്കുന്ന മിച്ച ഭൂമിയും സർക്കാർ ഭൂമിയും ഏറ്റെടുത്ത് ഭൂരഹിതരായ ആദിവാസികൾക്കും പാവപ്പെട്ടവർക്കും വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് ഇന്നലെ വയനാട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പ്രകടനങ്ങളും യോഗങ്ങളും നടന്നിട്ടുണ്ട്. ഒരു സ്ഥലത്തും ഭൂമി കയ്യേറ്റം നടന്നിട്ടില്ല. ഫോറസ്റ്റ് ഭൂമി കൈവശം വച്ചിട്ടുണ്ടെന്നും അത് പിടിച്ചെടുത്ത് സർക്കാരിൽ നിക്ഷിപ്തമാക്കണമെന്നും ആവശ്യപ്പെട്ട് ഇരുളം വില്ലേജിലെ പാമ്പറ എസ്റ്റേറ്റി ലേയ്ക്ക് ആദിവാസികൾ മാർച്ച് നടത്തുകയുണ്ടായി. മാനന്തവാടി വില്ലേ ജിൽപ്പെട്ടതും തൃശ്ശിലേറി വില്ലേജ് അതിർത്തിയോട് ചേർന്ന് കിടക്കുന്ന തുമായ ഹാരിസൺ എസ്റ്റേറ്റിന്റെ കൈവശം അർഹതപ്പെട്ടതിൽ അധികം ഭൂമി യുണ്ടെന്നും അത് പിടിച്ചെടുത്ത് വിതരണം ചെയ്യണമെന്നും ആവശ്യപ്പെട്ട് മറ്റൊരു സ്ഥലത്ത് പ്രകടനവും യോഗവും നടന്നു. ജനാധിപത്യപരമായ രീതിയിൽ സമിതികളെ പുന:സംഘടിപ്പിച്ച് ലാന്റ് ബോർഡുകളിൽ നിലവി ലുള്ള എല്ലാ കേസ്സുകളിലും തീർപ്പ് കല്പിച്ച് മിച്ച ഭൂമി ഏറ്റെടുത്ത് മുഴുവൻ പാവപ്പെട്ടവർക്കും വിതരണം ചെയ്യുന്നതോടൊപ്പം വനാവകാശ നിയമമനു സരിച്ച് വയനാട് ജില്ലയിൽ ഉൾപ്പെടെ സംസ്ഥാനത്തെ ആദിവാസികൾക്ക് കൊടുക്കേണ്ട ഭൂമിയും സമയബന്ധിതമായി കൊടുത്തു തീർക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. വയനാട് ജില്ലയിൽ വ്യാപകമായി കയ്യേറ്റങ്ങൾ നടക്കുന്നു എന്നു പറയുന്നത് വസ്തുതാപരമായി ശരിയല്ല. ഇത്തരം ഭൂമികൾ ഏറ്റെടുത്ത് വിതരണം ചെയ്യാൻ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. വി. ഡി. സതീശൻ:</u> ഫെബ്രുവരി ആദ്യവാരം വയനാട്ടിൽ നടന്ന ഒന്നാംഘട്ടകയ്യേറ്റങ്ങൾക്കെതിരെയുള്ള ഹർജികൾ ഹൈക്കോടതിയിൽ പെന്റിംഗിലാണ്. ഇതിനായി മുഖ്യമന്ത്രി ഉടൻതന്നെ യോഗം വിളിച്ചുകൂട്ടി നടപടികൾ സ്വീകരിക്കുമെന്നാണ് അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിക്ക് ഉറപ്പു നല്കിയത്. എത്രയും പെട്ടെന്ന് കയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്ന ഹൈക്കോടതിയുടെ കർശനമായ നിർദ്ദേശം നിലവിലിരിക്കേയാണ് ഇന്നലെ വയനാട് ജില്ലയിൽ ഭരണഘടനാ വിരുദ്ധമായി വ്യാപകമായ കയ്യേറ്റങ്ങൾ നടന്നത്. ഹാരിസൺസ് മലയാളം പ്ലാന്റേഷനിൽപ്പെട്ട കുത്തുമലയിലും അച്ചൂർ എസ്റ്റേറ്റിലും, സെന്റിനറി റോക്കിലും ഇന്നലെ കയ്യേറ്റങ്ങളുണ്ടായി. മാനന്തവാടി തലപ്പുഴയ്ക്കടുത്തുള്ള സ്ഥലം കയ്യേറി കുടിൽകെട്ടുകയും കുക്കുമുടി എസ്റ്റേറ്റിലേയ്ക്കും പാമ്പ്ര എസ്റ്റേറ്റിലേയ്ക്കും മാർച്ച് ചെയ്ത് കൊടികുത്തി. തോണിച്ചാൽ, കുന്ദമംഗലം, കാരക്കുന്നം, ഇടവക സ്ഥലങ്ങളിൽ സർക്കാർ ഭൂമി കയ്യേറുകയും ചെയ്തു. ആദിവാസികളേയും കർഷക തൊഴിലാളികളേയും മുൻനിർത്തി സി.പി.ഐ.(എം) നടത്തിയ സമരം കർഷകരുടെ ഇടയിൽ അരക്ഷിതാവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. ഇത് മാവോയിസ്റ്റ്-തീവ്രവാദ ശക്തികൾക്ക് കടന്നു കയറാനുള്ള അവസരമാണ് ഉണ്ടാക്കിയിരിക്കുന്നത്. ഹൈക്കോടതിയിൽ കൊടുത്ത അഫിഡവിറ്റിൽ ആദിവാസികൾ കയ്യേറിയ ഭൂമിയൊന്നും അവർക്ക് കൊടുക്കാനുള്ള ഭൂമിയല്ലെന്ന് ഗവൺമെന്റ്തന്നെ പറഞ്ഞിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിലയ്ക്കു വാങ്ങിയ ഭൂമി മാത്രമാണ് വിതരണം നടത്തിയത്. അവിടെ നടന്നത് ഭരണഘടനാപരമായ ലംഘനമാണ്. പോലീസിന്റെ സാന്നിദ്ധ്യത്തിൽ സ്വകാര്യ ഭൂമിയും സർക്കാർ ഭൂമിയും ഒരു സംഘം ആളുകൾ കയ്യേറി കുടിൽകെട്ടി അവിടെയുള്ള കാർഷികോത്പന്നങ്ങൾ വെട്ടി നശിപ്പിച്ച്

നാട്ടിൽ അരാജകത്വം സൃഷ്ടിക്കുവാൻ ശ്രമിക്കുകയാണ്. ഇത് സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂ വകുപ്പു മന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): മാവോയിസ്റ്റുകൾ കേരളത്തിലേയ്ക്ക് കടന്നാൽ അത് കൈകാര്യം ചെയ്യാൻ ഗവൺമെന്റ് സംവിധാനമുണ്ട്. വനം കയ്യേറ്റങ്ങൾക്ക് സംസ്ഥാന സർക്കാർ അനുകൂലമായ നിലപാടെടുത്തു എന്ന് സുപ്രീം കോടതിയും ഹൈക്കോടതിയും പറഞ്ഞുവെന്ന തെറ്റായ പ്രസ്താവന നടത്തുന്നത് ശരിയല്ല. വയനാട് ജില്ലയിൽ മിച്ച ഭൂമി ഏറ്റെടുക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഹാരിസൺസ് മലയാളം പ്ലാന്റേഷൻ കൈവശം വച്ചിരിക്കുന്ന 670- ഏക്കറോളം മിച്ചഭൂമി ഏറ്റെടുക്കുവാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. നിയമ വിരുദ്ധമായി സർക്കാർ ഭൂമി ആരൊക്കെ കൈവശപ്പെടുത്തിയാലും ഹൈക്കോടതിയുടേയും സുപ്രീംകോടതിയുടേയും നിർദ്ദേശങ്ങളും ഉത്തരവുകളും അംഗീകരിച്ചുകൊണ്ട് അത് ഒഴിപ്പിച്ച് സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് വിട്ടുവീഴ്ചയില്ല. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): പോലീസിനെ കൂട്ടുപിടിച്ച് ഭരണ കക്ഷികൾതന്നെ നിയമ വാഴ്ചയെ വെല്ലുവിളിച്ചുകൊണ്ട് ഭൂമി കയ്യേറ്റം നടത്തുന്നതിനെതിരായിട്ടാണ് അടിയന്തിരപ്രമേയം ഉന്നയിച്ചത്. കഴിഞ്ഞ ഗവൺമെന്റ് ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി 7600 ഏക്കർ ആറളം ഫാം 42 കോടി രൂപ കൊടുത്ത് വാങ്ങുകയുണ്ടായി. അതിൽ 3600 ഏക്കർ സ്ഥലം ആദിവാസികൾക്ക് തൊഴിൽ കൊടുക്കുന്നതിനുവേണ്ടി

ഫാമായിത്തന്നെ നിലനിറുത്തി. **751** ഏക്കർ സ്ഥലം ഓരോ ഏക്കർവീതം ആദിവാസികൾക്ക് വിതരണം ചെയ്തു. ഈ ഗവൺമെന്റ് വന്നതിനുശേഷം 1584 ഏക്കർ സ്ഥലം മാത്രമാണ് വിതരണം ചെയ്തത്. ആദിവാസികൾക്ക് തൊഴിൽ കൊടുക്കാൻവേണ്ടി ഫാം ആയി നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് ഏൽപ്പിച്ച 3600 ഏക്കർ ഭൂമിയിൽ ആദിവാസികൾക്കു പകരം പുറത്തുനിന്നുള്ള ആളുകളാണ് ജോലി ചെയ്യുന്നത്. നിയമം കയ്യിലെടുക്കാൻ ആർക്കും അവകാശമില്ലെന്നിരിക്കെ അത്തരത്തിൽ പ്രവർത്തിക്കുന്നവരുടെ പേരിൽ കർശന നടപടി സ്വീകരിക്കണം. വയനാട് ഭൂമി കയ്യേറ്റത്തെ ഹൈക്കോടതി പലവട്ടം അതിരൂക്ഷമായി വിമർശിച്ചിരിക്കുന്ന സാഹചര്യത്തിൽ വയനാട്ടിൽ കയ്യേറിയ മുഴുവൻ ഭൂമിയും ഒഴിപ്പിക്കുമെന്ന് സർക്കാർ സഭയ്ക്ക് ഉറപ്പുനൽകണം.

(വയനാട്ടിൽ കയ്യേറിയ ഭൂമി ഒഴിപ്പിക്കുമെന്ന് റവന്യുവകുപ്പുമന്ത്രി സഭയ്ക്ക് ഉറപ്പുനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുമ്പിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റിലേയ്ക്ക് മടങ്ങിപ്പോകുകയും സഭാ നടപടികൾ നടത്തിക്കൊണ്ടുപോകാൻ സഹകരിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും പ്രതിപക്ഷാംഗങ്ങൾ ബഹളം തുടർന്നുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ അജണ്ടയിലെ അടുത്ത നടപടിയിലേക്ക് കടന്നു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) ശ്രീ. വർക്കല കഹാർ സീറ്റിൽ ഇല്ലാതിരുന്നതിനാൽ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.

(2) കേശവദാസപുരം-കിഴക്കേകോട്ട ഫ്ളൈ-ഓവർ

ശ്രീ. വി. സുരേന്ദ്രൻ പിള്ള : തിരുവനന്തപുരം നഗരത്തിൽ കേശവദാസപുരം മുതൽ കിഴക്കേകോട്ട വരെയുള്ള റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ഫ്ളൈ-ഓവർ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്താൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): കേശവദാസപുരം മുതൽ കിഴക്കേകോട്ട വരെ ഫ്ളൈ-ഓവർ നിർമ്മാണത്തിന് ഏകദേശം 500 കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്. ഇതിനുള്ള പ്രധാന തടസ്സം ഭാരിച്ച ചെലവുതന്നെയാണ്. ഫ്ളൈ-ഓവർ നിർമ്മാണത്തിന് ആവശ്യമായ സാദ്ധ്യതാപഠനം നടത്തുന്നതാണ്.

**റിപ്പോർട്ട് സമർപ്പണം**

(1) കാര്യോപദേശക സമിതിയുടെ 31-ാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) 2008-ലെ കേരള വനം(ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു.

(3) 2010-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ 31-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

**നിയമനിർമ്മാണകാര്യം**

2010-ലെ കേരള ധനകാര്യ ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2010-ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**ക്രമപ്രശ്നം**

ഇന്ത്യാവിഷൻ സംപ്രേഷണം ചെയ്ത പരിപാടി

ശ്രീ. പി. ജയരാജൻ: 2010-മാർച്ച് മാസം 5-ാം തീയതി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റ് അവതരണത്തിന്റെ ഫോർമാറ്റും സഭയിലെ ദൃശ്യങ്ങളും വികൃതമാക്കി ഉപയോഗിച്ചുകൊണ്ട് 2010-മാർച്ച് മാസം 17-ാം തീയതി പൊളിട്രിക്സ് എന്ന പരിപാടി ഇന്ത്യാവിഷൻ ചാനലിൽ സംപ്രേഷണം ചെയ്തിരുന്നു. ധനകാര്യ വകുപ്പുമന്ത്രി സഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതായി തോന്നത്തക്കവിധം സ്റ്റുഡിയോയിൽ സജ്ജീകരിച്ച ദൃശ്യങ്ങളും സഭയിൽ യഥാർത്ഥ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോഴുള്ള ദൃശ്യങ്ങളും ഐ.റ്റി സാങ്കേതിക വിദ്യ ഉപയോഗിച്ച് കൂട്ടിയോജിപ്പിച്ച് അവതരിപ്പിച്ച പരിപാടിയിൽ അവതാരകൻ സഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതായി ദൃശ്യവൽക്കരിച്ചിരിക്കുന്നു. നിയമസഭാംഗം അല്ലാത്ത ഒരാൾക്ക് സഭയിൽ പ്രവേശനമില്ല. ഈ ചാനലിൽ അവതാരകൻ ബഡ്ജറ്റ് അവതരിപ്പിക്കുന്നതായി ദൃശ്യവൽക്കരിച്ചപ്പോൾ സാധാരണക്കാരായ ആളുകളിൽ ആശയക്കുഴപ്പം ഉണ്ടാക്കിയിട്ടുണ്ട്. അവതാരകന്റെ ബഡ്ജറ്റ് നിർദ്ദേശങ്ങൾ സ്വാഗതം ചെയ്തുകൊണ്ട് സഭാംഗങ്ങൾ മേശപ്പുറത്ത് കയ്യടിക്കുന്ന ദൃശ്യങ്ങൾ ഈ പരിപാടിയിൽ എഡിറ്റ് ചെയ്ത് ചേർത്തിട്ടുണ്ട്. ഈ സഭയേയും

സഭാംഗങ്ങളേയും ധനകാര്യവകുപ്പുമന്ത്രിയേയും അവഹേളിക്കുന്ന നിലയിലാണ് പരിപാടി സംപ്രേഷണം ചെയ്തത്. പൊതുജനമദ്ധ്യത്തിൽ സഭയെ അവഹേളനത്തിനിടയാക്കിയ ചാനലിന്റെ ഈ സംപ്രേഷണം അവകാശലംഘനമായി കണ്ട് ശക്തമായ നടപടിയെടുക്കണം.

**റൂളിംഗ്**

മി. സ്പീക്കർ : ഇക്കാര്യം പരിശോധിക്കാം.

**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗികപ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിരണ്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) സാമാന്യമായി പൊതുതാല്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(1) കേന്ദ്രാവിഷ്കൃത പദ്ധതികൾ

(ശ്രീ. അൽഫോൺസ് കണ്ണന്താനത്തിനുവേണ്ടി 10-7-2009-ന് ശ്രീ.എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച പ്രമേയത്തിന്റെ തുടർ ചർച്ച)

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: 2009- ജൂലൈ മാസം 10-ാം തീയതി സഭയിൽ അവതരിപ്പിക്കപ്പെട്ട പ്രമേയം ഒന്നുകൂടി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. പുതിയ കേന്ദ്ര ബഡ്ജറ്റിലും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പണം വർദ്ധിപ്പിക്കുകയെന്നുള്ള നിലപാട് തന്നെയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളം ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ വ്യത്യസ്തമാണ്. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഒരു കാരണവശാലും കേരളത്തിന്റെ പ്രത്യേകതകൾ പരിഗണിക്കാൻ

കേന്ദ്രഗവണ്മെന്റ് സന്നദ്ധമാകുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ ഈ പ്രമേയം സഭ പാസ്സാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച് പ്രമേയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സ്വീകാര്യമാണ്. നമുക്ക് ഇത് അംഗീകരിക്കാവുന്നതാണ്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച പ്രമേയം സഭ പാസ്സാക്കി.

(2) സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം

ശ്രീ. പി. കൃഷ്ണപ്രസാദ്: "എ.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനുവേണ്ടി സംസ്ഥാനത്തിന് അനുവദിക്കുന്ന അരിയുടെ അളവിൽ കുറവ് വരുത്താനും ഈ വിഭാഗത്തിനുള്ള അരിയുടെ സബ്സിഡി പിൻവലിക്കാനുമുള്ള കേന്ദ്ര ഗവണ്മെന്റിന്റെ നീക്കത്തിൽ ഈ സഭ പ്രതിഷേധം രേഖപ്പെടുത്തുന്നു. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും കിലോയ്ക്ക് 8.90 രൂപയ്ക്ക് അരി നൽകണമെന്നും ഇതിന് ആവശ്യമായ മുഴുവൻ അരിയും സംസ്ഥാനത്തിന് അനുവദിക്കണമെന്നും നാല് പതിറ്റാണ്ടിലേറെയായി നിലനിൽക്കുന്ന സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിർത്തലാക്കാനുള്ള നീക്കത്തിൽനിന്ന് പിന്തിരിയണമെന്നും ഈ സഭ കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : ഈ പ്രമേയം കേരളത്തിലെ ജനങ്ങളുടെ മുഴുവൻ ആവശ്യമായി പരിഗണിച്ച് പാസ്സാക്കാം.

ശ്രീ. പി. കൃഷ്ണപ്രസാദ് അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പ്രമേയം സഭ പാസ്സാക്കി.

(3) സംസ്ഥാനത്തെ മാലിന്യ വിമുക്തമാക്കുന്നതിന് നടപടി

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സീറ്റിൽ ഇല്ലാതിരുന്നതിനാൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല)

(4) ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി

ശ്രീ. ബാബു പോൾ: "ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ കേരളത്തിലെ മുഴുവൻ ജില്ലകളേയും ഉൾപ്പെടുത്തി സംസ്ഥാനത്തെ കാർഷിക മേഖലയുടേയും അനുബന്ധ മേഖലകളുടേയും സമഗ്ര പുരോഗതിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കണമെന്ന് സംസ്ഥാന നിയമസഭ കേന്ദ്രഗവണ്മെന്റിനോട് ആവശ്യപ്പെടുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. ബി. രാഘവൻ : പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ): പ്രമേയം അംഗീകരിക്കുന്നു.

ശ്രീ. ബാബു പോൾ അവതരിപ്പിച്ച പ്രമേയം പാസ്സാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പ്രമേയം സഭ പാസ്സാക്കി.

**വ്യക്തിപരമായ വിശദീകരണം**

<u>വയനാട്ടിൽ ആദിവാസികൾ നടത്തുന്ന ഭൂസമരം</u>

<u>ശ്രീ. പി. കൃഷ്ണപ്രസാദ്:</u> 1970-ലാണ് നാട്ടിൽ മിച്ചഭൂമി നിർണ്ണയിച്ചുകൊണ്ടുള്ള നിയമം പ്രാബല്യത്തിൽ വന്നത്. ആ നിയമപ്രകാരം മിച്ചഭൂമി നിർണ്ണയിക്കേണ്ട ഘട്ടത്തിൽ കൃഷ്ണഗിരിയിലെ സി.സി. ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന 1228 ഏക്കർ തോട്ടഭൂമിയുടെ പരിധി നിശ്ചയിച്ചും 1980-ൽ ലാന്റ് ബോർഡ് എക്സംപ്ഷൻ നൽകിക്കൊണ്ടും ഇതിന്റെ ഓർഡർ നൽകിയിട്ടുള്ളതാണ്. ആ ഭൂമിക്ക് പ്ലാന്റേഷൻ രജിസ്ട്രേഷനും പട്ടയവും നികുതിയുമുണ്ടായിരുന്നു. എന്റെ സഹോദരൻ പ്രസ്തുത സി.സി. ഗ്രൂപ്പിന്റെ കയ്യിൽനിന്ന് 19 ഏക്കർ ഭൂമി വാങ്ങിയത് 1981-ൽ ആണ്. 1980-ലെ ലാന്റ് ബോർഡ് ഓർഡർ പ്രകാരം എക്സംപ്ഷനുള്ള ഭൂമിയായിരുന്നു. ഈ ഭൂമിക്ക് രജിസ്ട്രേഷനും പട്ടയവും നികുതിയുമുണ്ട്. അതുകഴിഞ്ഞ് 1994-ൽ സുൽത്താൻബത്തേരി ലാന്റ് ബോർഡ് ഈ കൃഷ്ണഗിരി ഭൂമിക്ക് തോട്ടം എക്സ്റ്റെൻഷൻ ഉണ്ടെന്ന് ഓർഡർ പുറപ്പെടുവിച്ചതാണ്. 2007 മേയ് മാസത്തിലാണ് ശ്രീ. ശ്രേയാംസ് കുമാർ എം.എൽ.എ.-യുടെ കൃഷ്ണഗിരിയിലെ ഭൂമി സർക്കാർ ഭൂമിയാണെന്ന് കേരള ഗവണ്മെന്റ് തീരുമാനമെടുക്കുകയും ഹൈക്കോടതി ഇത് സംബന്ധിച്ച് ഉറച്ച നിലപാട് എടുക്കുകയും ചെയ്തത്. 1980-ലെ ബോർഡ് ഓർഡറിന്റെ കോപ്പി വ്യക്തമല്ലാത്തതിനാൽ വിശ്വാസ്യയോഗ്യമല്ലാത്തതുകൊണ്ട് ഈ ഭൂമി തോട്ടം എക്സ്റ്റെൻഷനുള്ള ഭൂമിയാണെന്ന് അംഗീകരിക്കാൻ കഴിയുകയില്ല എന്നാണ് ലാന്റ് ബോർഡ് പറഞ്ഞിരിക്കുന്നത്. അതിനുശേഷം എന്റെ സഹോദരൻ ലാന്റ് ബോർഡ് ഓർഡറിന് വേണ്ടി റൈറ്റ് ടു ഇൻഫർമേഷൻ ആക്ട് പ്രകാരം അപേക്ഷ കൊടുത്തപ്പോൾ

1980-ലെ എക്സംപ്ഷൻ കൊടുക്കുന്ന ലാന്റ് ബോർഡിന്റെ കോപ്പി കിട്ടി. അതിന്റെ അടിസ്ഥാനത്തിൽ സഹോദരൻ കേരളാ ഹൈക്കോടതിയിൽ കൊടുത്ത ഹർജിയിൽ സ്റ്റേ കൊടുത്തിരിക്കുകയാണ്. 19 ഏക്കർ ഭൂമി മിച്ചഭൂമിയാണെങ്കിൽ സി.സി. ഗ്രൂപ്പിന്റെ കയ്യിലുള്ള 1228 ഏക്കർ ഭൂമിയും മിച്ചഭൂമിയാണ്. എങ്കിൽ അത് മുഴുവനും ഇവർ പറഞ്ഞപോലെ കൊടുക്കണം. ഇതിൽ എനിക്കെതിരെ ആരോപണം ഉന്നയിച്ചപ്പോൾ ഞാൻ ശ്രേയാംസ്കുമാർ എം.എൽ.എ.ക്കെതിരേയും ഇന്ത്യൻ എക്സ്പ്രസ്സ് പത്രത്തിനെതിരേയും പ്രിവിലേജ് കമ്മിറ്റിയിൽ പരാതി കൊടുത്തിട്ടുണ്ട്. മാത്രമല്ല, കോഴിക്കോട് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ ഈ ആരോപണം ഉന്നയിച്ച പത്രക്കാർക്കെതിരെ കേസ്സ് കൊടുത്തിട്ടുണ്ട്. ഈ കേസ്സിന് 23-6-ന് ഇന്ത്യൻ എക്സ്പ്രസ്സിന്റെ പത്രാധിപർക്കും പബ്ലിഷർക്കും ലേഖകനും കോടതിയിൽ ഹാജരാകണമെന്ന് സമൻസ് കൊടുത്തിട്ടുണ്ട്. അതിനുശേഷം ഞാൻ കോഴിക്കോട് ഒന്നാം നമ്പർ മജിസ്ട്രേറ്റ് കോടതിയിൽ ശ്രേയാംസ്കുമാർ എം.എൽ.എ. യെ പ്രതിയാക്കി കേസ് കൊടുത്തിട്ടുണ്ട്. അത് കോടതി പരിശോധിക്കുകയും എന്നോട് തെളിവ് നൽകാൻ ആവശ്യപ്പെട്ട് 9-ാം തീയതി കേസ് വച്ചിട്ടുണ്ട്. ഞാൻ സി.പി.ഐ.(എം)-ന്റെ എം.എൽ.എ.ആയതുകൊണ്ടും വയനാട്ടിൽ ആദിവാസികൾ നടത്തുന്ന ന്യായമായ സമരത്തിൽ അവർക്കൊപ്പം നിൽക്കുന്നതുകൊണ്ടും എന്നേയും പാർട്ടിയേയും അപകീർത്തിപ്പെടുത്താനാണ് ഈ പ്രശ്നം ഇവിടെ ഉന്നയിക്കുന്നത്. ഈ ആരോപണം ഉന്നയിച്ചതിന് അവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കണം.

സഭ രാവിലെ 10-25-ന് പിരിഞ്ഞു.

.......................................